ഉത്തരം

(എ) കുട്ടനാട് നിയോജക മണ്ഡലത്തിൽ നിന്നും പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി സമർപ്പിച്ച 12 റോഡുകൾക്ക് കേന്ദ്ര സർക്കാരിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ഫേയ്സ്-VIII-ൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിനുള്ള റോഡുകളുടെ മുൻഗണനാ പട്ടിക ജില്ലാതലത്തിൽ അംഗീകരിച്ചിട്ടുണ്ട്.

(ബി) കുട്ടനാട് നിയോജക മണ്ഡലത്തിലെ പ്രവർത്തികളുടെ എസ്റ്റിമേറ്റുകൾ 2010-ലെ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം പുതുക്കി കേന്ദ്രസർക്കാരിന്റെ അനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2007-2009 കാലയളവിൽ അംഗീകാരം ലഭ്യമായതും ടെണ്ടർ നടപടികൾ സ്വീകരിച്ചതുമായ പ്രവർത്തികളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) കേന്ദ്ര സർക്കാരിൽ സമർപ്പിച്ച എല്ലാ പ്രവർത്തികൾക്കും അംഗീകരാം ലഭിച്ചിട്ടുണ്ട്.

(ഡി) പുതുക്കിയ നിരക്കിൽ കേന്ദ്ര സർക്കാരിൽ നിന്നും അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രവർത്തികൾ ആരംഭിക്കുവാൻ കഴിയുന്നതാണ്.

പുതുക്കിയ ബി.പി.എൽ. ലിസ്റ്റ്

159 (T1917) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുക്കിയ ബി.പി.എൽ ലിസ്റ്റിൽ ഓരോ ജില്ലയിലും എത്ര ബി.പി.എൽ കുടുംബങ്ങളാണുള്ളതെന്നറിയിക്കുമോ ;

(ബി) പുതുക്കിയ ബി.പി.എൽ ലിസ്റ്റ് എപ്പോൾ പ്രാബല്യത്തിൽ വരും എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) 2009-ൽ നടന്ന ദാരിദ്ര രേഖാ സർവ്വേയുടെ അടിസ്ഥാനത്തിലുള്ള ബി.പി.എൽ. ലിസ്റ്റ് അന്തിമമായി പ്രസിദ്ധീകരിച്ചിട്ടില്ല. ഈ ലിസ്റ്റ് പ്രസിദ്ധീകരിച്ചാൽ മാത്രമേ ഓരോ ജില്ലയിലും എത്ര ബി.പി.എൽ. കുടുംബങ്ങളാണെന്നുള്ളതെന്ന് പറയുവാൻ കഴിയുകയുള്ളു.

(ബി) ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്. ഈ കാര്യത്തിൽ ഉടനെ തന്നെ തീരുമാനം എടുക്കുന്നതാണ്.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly